"ഭരണഭാഷ-മാതൃഭാഷ"

കേരളസർക്കാർ

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - 2022-ലെ ലിപിപരിഷ്കരണനിർദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിച്ച 'മലയാളത്തിന്റെ എഴുത്തുരീതി' എന്ന കൈപ്പുസ്തകത്തിൽ ഭേദഗതിവരുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്**

**ജി.ഒ(ആർടി)നം.327/2025/പി&എആർഡി** **തീയതി, തിരുവനന്തപുരം, 16/10/2025**

പരാമർശം:- 1. 09.05.2022-ലെ ജി.ഒ(പി)നം.4/2022/പി&എ ആർ ഡി ഉത്തരവ്.

2. ഭാഷാമാർഗനിർദേശകവിദ്ഗ്ധസമിതിയുടെ 14.02.2025-ലെ റിപ്പോർട്ട്.

3. ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതിയുടെ 29.07.2025-ലെ യോഗതീരുമാനം.

**ഉത്തരവ്**

2022-ലെ ലിപിപരിഷ്കരണനിർദേശങ്ങളും ഭാഷാപ്രയോഗരീതിയും ഉൾപ്പെടുത്തികൊണ്ട് പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ച "മലയാളത്തിന്റെ എഴുത്തുരീതി" എന്ന കൈപ്പുസ്തകത്തിൽ ചില ഭേദഗതികൾ വരുത്താൻ പരാമർശം 2 പ്രകാരം ഭാഷാമാർഗനിർദേശകവിദഗ്ധസമിതി ശിപാർശ ചെയ്യുകയുണ്ടായി.

ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതി യോഗം പരാമർശം 3 പ്രകാരം പ്രസ്തുത ശിപാർശകൾ അംഗീകരിച്ചു. മേൽ സാഹചര്യത്തിൽ "മലയാളത്തിന്റെ എഴുത്തുരീതി" എന്ന കൈപ്പുസ്തകത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

| | **ഭേദഗതി** | **പേജ് നം** |
|---|---|---|
| 1 | I(8)ന്റെ അവസാനം ഇങ്ങനെ ചേർക്കേണ്ടതാണ്. "ഉച്ചാരണഭേദം കൊണ്ട് പിരിച്ചെഴുതേണ്ട വർണ്ണങ്ങൾ ചന്ദ്രക്കല ചേർത്ത് ഇണക്കിയെഴുതേണ്ടതാണ്. ഉദാ. സെക്ഷൻ, ഇലക്ഷൻ, സെലക്ഷൻ | 6 |
| 2 | II 3(IV) ന്റെ അവസാനം ഇങ്ങനെ ചേർക്കേണ്ടതാണ്: "പദങ്ങൾക്ക് ഉച്ചാരണത്തിൽ ഇരട്ടിപ്പില്ലെങ്കിൽ അവ ഒഴിവാക്കണം ഉദാ. കാർമുകിൽ, കാർമേഘം, നീർമാതളം" | 12 |
| 3 | II 3(Vii)ൽ ദീർഘസ്വരത്തിനുശേഷം വരുന്ന പദാന്ത'സ'കാരം ഇരട്ടിക്കേണ്ടതില്ല എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ 'പദാന്ത' എന്ന പദം ഒഴിവാക്കേണ്ടതാണ്. | 12 |
| 4 | II 5(ii)ദുഃഖം,നമഃ തുടങ്ങിയവയൊഴികെ, സാധ്യമായ മറ്റുമേഖലകളിലെല്ലാം വിസർഗം ഒഴിവാക്കി ഇരട്ടിപ്പു സ്വീകരിക്കേണ്ടതാണ് | 15 |

| | | |
|---|---|---|
| | ഉദാ. മനസ്സാക്ഷി, മനശ്ശാന്തി, അന്തപ്പുരം, മനശ്ശാസ്ത്രം | |
| 5 | II 5(v)-ൽ "ല്, ത് വരുന്ന" എന്ന ഭാഗം ഒഴിവാക്കേണ്ടതാണ് | 15 |

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
ഡോ.രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്ക്.
രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി(ആമുഖക്കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖക്കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ(ആമുഖക്കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ(ആമുഖക്കത്തു സഹിതം)
അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം(ആഡിറ്റ്/എ&ഇ)
എല്ലാ വകുപ്പുതലവന്മാർക്കും
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
എല്ലാ ജില്ലാകളക്ടർമാർക്കും
ഡയറക്ടർ, വിവര-പൊതുജനസമ്പർക്കവകുപ്പ് (പ്രസിദ്ധീകരണത്തിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ(ഒ.എൽ-4/11/2025/പി&എആർഡി).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ